LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

248 (596) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടൊപ്പം ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെയും കൂടി ഉൾപ്പെടുത്തി സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനവകുപ്പിൽ ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 43 കോടിയോളം രൂപ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നുണ്ട്.

(ബി&സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച പത്താം ശമ്പള കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ജീവനക്കാർക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതിന്റെ സാധ്യതാ പരിശോധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

മുദ്രപത്രങ്ങളുടെ ലഭ്യത കുറവ്

249 (597) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്ക് മലബാർ പ്രദേശത്ത് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മുദ്രപത്രങ്ങളുടെ ലഭ്യത കുറവുമൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും ഏതെല്ലാം തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്കാണ് 2014 നവംബർ മുതൽ 2015 മാർച്ച് വരെ ഇന്റന്റ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയുമായി ബന്ധപ്പെട്ട് മുദ്രപ്പത്രങ്ങൾ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി)

തുക	എണ്ണം
100	250000
500	100000
1000	100000
5000	10000
15,000	15000
20,000	10000
25,000	25000

ലീഗൽ സർവ്വീസസ് അതോറിറ്റികൾ

250 (598) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾ, അന്തിമ തീർപ്പ് കൽപ്പിച്ച കേസുകൾ എന്നിവ എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly